# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.555 — 06.02.2013-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

ശ്രീ. എ.എം. ആരിഫ്

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### ബഡ്ജറ്റ് നിർദ്ദേശങ്ങളിലെ പൂർത്തിയാകാത്ത പദ്ധതികൾ

| | | |
|---|---|---|
| എ) | 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ പൂർണ്ണമായും നടപ്പിലാക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | 2011-12 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലെ ഭൂരിഭാഗം നിർദ്ദേശങ്ങളും പ്രഖ്യാപനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പുതുതായി ഇരുനൂറ്റി അൻപതോളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി പുറപ്പെടുവിക്കുകയും നിർവ്വഹണം ആരംഭിക്കുകയും അവ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയുമാണ്. |
| (ബി) | ബഡ്ജറ്റ് പ്രസംഗങ്ങളിലെ പുതിയ പ്രഖ്യാപനങ്ങളിൽ ഇനിയും പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാതെ വന്നവ ഏതൊക്കെയാണ്; ഭരണാനുമതി മാത്രം നല്കിയവ ഏതൊക്കെ; | 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഭൂരിഭാഗം നടപ്പിലാക്കുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ, സ്ഥലം ഏറ്റെടുക്കൽ തുടങ്ങിയ സാങ്കേതിക നടപടികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ പല പദ്ധതികളും ആരംഭിക്കുവാൻ സാധിക്കുകയുള്ളു. നിർവ്വഹണം ആരംഭിച്ച പദ്ധതികളിൽ മിക്കവയും ചുരുങ്ങിയ കാലയളവിൽ പൂർത്തീകരിക്കാൻ കഴിയുന്നവയുമല്ല. ഭരണാനുമതി പുറപ്പെടവിച്ചിട്ടില്ലാത്ത പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു. വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 31.01.2013 വരെ ഭരണാനുമതി നല്കിയിട്ടില്ലാത്തവയോ/പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കാത്തവയോ ആയ പുതിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| (സി) | ഏതെങ്കിലും ബഡ്ജറ്റ് നിർദ്ദേശം നടപ്പിലാക്കേണ്ടതില്ലെന്ന് പിന്നീട് തീരുമാനിക്കുകയുണ്ടായോ; എങ്കിലതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ? | വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിയ്യൂർ വനിതാ ജയിലിലും കോഴിക്കോട് ജില്ലാ ജയിലിലും ഡയറി ഫാമുകൾ സ്ഥാപിക്കുന്ന പദ്ധതി, സിവിൽ സപ്ളൈസ് വകുപ്പിലെ വെഹിക്കിൾ ട്രാക്കിംഗ് പദ്ധതി എന്നിവ നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി. ഫിഷറീസ് വകുപ്പിൽ തീരദേശ വികസന കോർപ്പറേഷൻ നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനാൽ കോസ്റ്റൽ ഡെവലപ്മെൻറ് അതോറിറ്റി രൂപീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| |
|---|
| മലബാർ സിമൻറ്സുമായി സഹകരിച്ച് പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് – **വ്യവസായ വകുപ്പ്** |
| തൃശൂരിൽ പുതിയ മൊബിലിറ്റി ഹബ്ബ് , അന്തർ ദേശീയ അംഗീകാരമുള്ള ഏജൻസികളുടെ സഹായത്തോടുകൂടി പ്രധാന പട്ടണങ്ങളിൽ സമഗ്ര വികസന പദ്ധതി.– **നഗരകാര്യ വകുപ്പ്** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കെട്ടിടനിർമ്മാതാക്കളുടേയും സഹകരണത്തോടെ ഒരു പ്രത്യേക നഗര അഗ്നി സുരക്ഷാ പദ്ധതി, സൈബർ ഫോറൻസിക് ലാബ് , അതിസങ്കീർണ്ണവും വ്യാപ്തി ആവശ്യമുള്ളതുമായ കേസുകളിൽ അന്വേഷണം നടത്തുന്നതിന് പുതുതായി ഒരു സംസ്ഥാന അന്വേഷണ വിഭാഗം രൂപീകരിക്കൽ – **ആഭ്യന്തര വകുപ്പ്** |
| കോഴിക്കോട് അന്താരാഷ്ട്ര നിലവാരത്തിൽ സ്പോർട്സ് സ്റ്റേഡിയം, പുല്ലൂരാംപാറയിൽ ഒരു സ്പോർട്സ് അക്കാഡമി, ഇടുക്കിയിലെ പൈനാവിൽ സ്റ്റേഡിയവും സൈക്കിൾ വെലോഡ്രോമും – **കായിക യുവജന ക്ഷേമ വകുപ്പ്** |
| ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം ആരംഭിക്കൽ, ചൈൽഡ് റൈറ്റ്സ് കമ്മീഷൻ രൂപീകരണം – **സാമൂഹ്യ നീതി വകുപ്പ്** |
| കോട്ടയം, വയനാട് എന്നിവിടങ്ങളിൽ വാണിജ്യ നികുതി കോംപ്ളക്സ്, വഴിക്കടവ് , മുത്തങ്ങ, ആര്യൻകാവ് എന്നിവിടങ്ങളിൽ സംയോജിത ചെക്ക്പോസ്റ്റ്, ചെക്ക് പോസ്റ്റ് നവീകരണം തുടങ്ങിയവ – **നികുതി വകുപ്പ്** |
| തീർത്ഥാടന ടൂറിസം സർക്യൂട്ട് പ്രോജക്ട്, കോട്ടയം ജില്ലയിലെ സമഗ്ര ടൂറിസം സർക്യൂട്ട് പ്രോജക്ട് , തണ്ണീർത്തടം പക്ഷി സങ്കേതമായി വികസിപ്പിക്കൽ, ഹരിപ്പാട് പിൽഗ്രിം ടൂറിസം പദ്ധതി, ടൂറിസം പ്രോമോഷൻ ബോർഡ് (പി.പി.പി. മോഡ്) – **വിനോദ സഞ്ചാര വകുപ്പ്** |
| നോർക്ക ബിസിനസ്സ് സെൻറർ പ്രോജക്ട് – **പ്രവാസി കാര്യ വകുപ്പ്** |
| ശതാബ്ദി ആഘോഷിക്കുന്ന ഗവ. സ്കൂളുകൾക്കും കോളേജുകൾക്കും പ്രത്യേക സഹായം, എല്ലാ സ്കൂളുകളുടെയും അന്തർദേശീയ നിലവാരത്തിലുള്ള ആധുനികവൽക്കരണം, ഓരോ സ്കൂളിലും ഓരോ സ്മാർട്ട് ക്ളാസ് മുറി – **വിദ്യാഭ്യാസ വകുപ്പ്** |
| സ്വയം പര്യാപ്ത ഗ്രാമങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ഒരു കോടി രൂപ വരെ ചെലവഴിക്കുന്നത് – **ഗ്രാമ വികസന വകുപ്പ്** |
| സാങ്കേതിക സർവ്വകലാശാല – **ഉന്നത വിദ്യാഭ്യാസ വകുപ്പ്** |
| വന്യമൃഗം മൂലമുള്ള കൃഷിനാശം ലഘൂകരിക്കുന്നതിന് നബാർഡിൻെറ സഹായത്തോടെ നടപ്പിലാക്കേണ്ട സൗരോർജ്ജ വേലി/ ട്രെഞ്ച് നിർമ്മാണത്തിനുള്ള പദ്ധതി.– **വനം വകുപ്പ്** |
| പൈനാപ്പിൾ മിഷൻ , കുട്ടനാട് കാർഷിക ഗവേഷണ കേന്ദ്രം, കാർഷിക സൂപ്പർ മാർക്കറ്റ് – **കൃഷി വകുപ്പ്** |
| എടപ്പാളിൽ ഡ്രൈവർ പരിശീലന കേന്ദ്രം – **ഗതാഗത വകുപ്പ്** |
| ആലപ്പുഴ കൊല്ലം ബൈപ്പാസ് നിർമ്മാണം, ഗ്രീൻ ബിൽഡിംഗ് പോളിസി – **പൊതുമരാമത്ത് വകുപ്പ്** |
| മുതലപ്പൊഴി, തലായ്, ചേറ്റുവ, ചെറുവത്തൂർ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയാക്കൽ, വല നിർമ്മാണ ഫാക്ടറി, കോൾഡ് ചെയിൻ– **മത്സ്യബന്ധനവും തുറമുഖവും വകുപ്പ്** |
| മാതൃക കയർഗ്രാമം പദ്ധതി , – **കയർ വകുപ്പ്** |
| അഡ്വക്കേറ്റ്സ് ഗ്രാൻറ് – **നീതിന്യായ വകുപ്പ്** |
| വിവിധ ജില്ലകളിൽ പുതിയ ഹോമിയോ ആശുപത്രികളും ഡിസ്പെൻസറികളും, ആറളത്ത് ഹോമിയോ ആശുപത്രി – **ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്** |
| കൈത്തറി ഗ്രാമം – **കൈത്തറി വകുപ്പ്** |
| ജനശ്രീ ബീമാ യോജന – **തൊഴിൽ വകുപ്പ്** |

സെക്ഷൻ ഓഫീസർ